ഉത്തരം

(എ) എസ്.ഡി.ഡി.-യുടെ ധനസഹായത്തോടെയാണ് "കാപ്ഡെക് പ്രോജക്ട്" നിലവിൽ വന്നത്. കാപ്ഡെക് പ്രോജക്ടിനുവേണ്ടിയാണ് കിലയ്ക്കു തുക നൽകിയത്.

(ബി&സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് കില. 1990-ൽ സ്ഥാപിതമായ ഈ സ്ഥാപനം കഴിഞ്ഞ 13 വർഷങ്ങളായി ട്രെയിനിംഗ് രംഗത്തു ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിൽ ഒന്നാണ്. വികേന്ദ്രീകൃതാസൂത്രണത്തിൽ ട്രെയിനിംഗ് നൽകുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച സ്ഥാപനമാണ് കില.

(ഡി) കാപ്ഡെക് എന്നത് ഒരു സ്ഥാപനമല്ല. എന്നാൽ കാപ്ഡെക് പ്രോജക്ടിന്റെ ഭാഗമായി കില നടത്തിയ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ&എഫ്) വിശദവിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

(ജി&എച്ച്) ക്ലാസ്സ് എടുക്കുന്നതിന് 150 രൂപ ഒരു സെഷന് (1 മണിക്കൂർ 15 മിനിറ്റ്) എന്ന നിരക്കിൽ പരമാവധി 450 രൂപ ഒരു ദിവസത്തേക്ക്. കൂടാതെ യാത്രാബത്തയും നൽകിയിട്ടുണ്ട്.

(ഐ) വിവിധ ട്രെയിനിംഗ് പരിപാടികളിലായി 31-3-2003 വരെ 129410 പേരെ പരിശീലിപ്പിച്ചു.

(ജെ) പരിശീലനം ലഭിച്ച ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് സഹായകമായി.

സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ ജനകീയാസൂത്രണ പരിശീലനത്തിനായി നൽകിയ തുക

26 (4461) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വിസ് ഏജൻസീസ് ഫോർ ഡവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ സംസ്ഥാന സർക്കാരിന് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പരിശീലനത്തിനായി എന്ത് തുകയാണ് നൽകിയത് ;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ തുക നൽകിയത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തുക ഗവൺമെന്റോ ഗവൺമെന്റ് വകുപ്പുകളോ നേരിട്ടാണോ ചെലവഴിച്ചത് ;

(ഡി) അല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ഈ തുക ആരുവഴി ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാപ്പ്ഡെക് പ്രോജക്ടിന് വേണ്ടി സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (SDC)-നിൽ നിന്നും മൊത്തം 9 കോടി 53 ആയിരം രൂപ കിലയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 24-12-1999-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.)58/99 പ്ലാനിംഗ് അനുസരിച്ചും അതുപ്രകാരം 24-1-2000-ൽ സ്വിസ് ഏജൻസിയും കിലയും ചേർന്ന് ഒപ്പുവച്ച ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരവുമാണ് തുക (9 കോടി 53 ആയിരം) ലഭിച്ചിട്ടുള്ളത്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ചെയർമാനായി ജോയിന്റ് പ്രോജക്ട് കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയത് (കോപ്പികൾ മേശപ്പുറത്ത് വയ്ക്കുന്നു.)*

(സി) അല്ല.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ എഫ്.സി.ആർ.എ. രജിസ്ട്രേഷൻ ഉള്ള സ്ഥാപനമെന്ന നിലയിൽ കിലയ്ക്കാണ് പണം ലഭിച്ചിട്ടുള്ളത്.

(ഇ) ഈ തുക തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള "കില" എന്ന സ്വയംഭരണ സ്ഥാപനം വഴിയാണ് ചെലവഴിച്ചത്.

എസ്.ഡി.സി. നൽകിയ ഫണ്ടിന്റെ ചെലവ് സംബന്ധിച്ച കണക്ക്

27 (4462) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (എസ്.ഡി.സി.) നൽകിയ ഫണ്ടിന്റെ ചെലവ് സംബന്ധിച്ച കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ആർക്കായിരുന്നു ;

(ബി) ഈ കണക്കുകൾ ആഡിറ്റ് ചെയ്തതാരാണ് ;

(സി) ആഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇത് സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കുമോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly